# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 974 03/12/2014 – ൽ മറുപടിക്ക്

ചേർത്തല ഇ.എസ്.ഐ ആശുപത്രിയിൽ രോഗികൾക്കുള്ള ബുദ്ധിമുട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ.ഷിബു ബേബി ജോൺ (തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) പതിനായിരത്തിൽ താഴെ രോഗികൾ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള ആലപ്പുഴ ഇ.എസ്.ഐ ലോക്കൽ ഓഫീസിന്റെ കീഴിൽ രോഗികളെ പരിശോധിക്കുന്നതിനും അവരുടെ സേവനത്തിനും മൂന്നിൽ കൂടുതൽ ഡോക്ടർമാരും ജീവനക്കാരും ഉള്ളപ്പോൾ പതിനായിരത്തിലധികം രോഗികൾ രജിസ്റ്റർ ചെയ്ത ഇ.എസ്.ഐയുടെ സേവനം നേടാനുള്ള ചേർത്തലയിൽ ഡോക്ടർമാരെയും ജീവനക്കാരെയും കുറച്ച് അനുവദിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ; ഈ പോരായ്മ പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | എ) രണ്ട് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയായിരുന്ന ചേർത്തല ഇ.എസ്.ഐ ഡിസ്പെൻസറിയിൽ രോഗികളുടെ തിരക്ക് നേരിടുന്ന സാഹചര്യം പരിഗണിച്ച് 2013 ൽ നാല് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയായി ഉയർത്തിയിട്ടുണ്ട്. |
| ബി) ചേർത്തല ഇ.എസ്.ഐ ആശുപത്രിയിൽ രോഗികൾക്ക് നിൽക്കാൻ പോലും ഇടമില്ലാത്ത വിധം ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ; ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുമോ? | ബി) ചേർത്തല ഇ.എസ്.ഐ ഡിസ്പെൻസറിയിലെ സ്ഥലപരിമിതി മൂലം ഡിസ്പെൻസറിക്കായി കൂടുതൽ സൗകര്യങ്ങളുള്ള ഒരു കെട്ടിടം കണ്ടു പിടിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ